# മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടി

കോവിഡ് മാഹാമാരി സംസ്ഥാനത്തെ സമ്പദ് വ്യവസ്ഥയിൽ വലിയ ആഘാതമാണ് ഉണ്ടാക്കിയിരിക്കുന്നത്. ഇതുമൂലം ചെറുകിട സംരംഭകരിലും സ്റ്റാർട്ടപ്പുകളിലും വല്ലാത്ത പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. മൂലധനത്തിന്റെ അഭാവവും വായ്പാ ലഭ്യതയുമാണ് സ്റ്റാർട്ടപ്പുകളും ചെറുകിട സംരംഭകരും അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. വ്യാപാര മേഖലയിലെ അടച്ചുപൂട്ടലും, വിതരണ ശൃംഖലയിലെ തടസ്സങ്ങളും കാരണം തദ്ദേശീയ ഉൽപാദനം വർദ്ധിപ്പിക്കേണ്ട ആവശ്യകത ഉയർന്നു വന്നിട്ടുണ്ട്. പല മേഖലകളിൽ ജോലി നഷ്ടമായവർക്കും, വിവിധ രാജ്യങ്ങളിൽനിന്നും സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചുവരുന്നവർക്കു വേണ്ടി പുതിയ അവസരങ്ങൾ സൃഷ്ടിക്കേണ്ട ആവശ്യകതയുമുണ്ട്.

2020 ജൂലായ് 27-ന് ഇറങ്ങിയ ഗവൺമെന്റ് ഉത്തരവിലാണ് (GO Ms/78/2020/ഫിൻ) ചീഫ് മിനിസ്റ്റേഴ്സ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാം (സി.എം.ഇ.ഡി.പി) എന്ന പേരിൽ ഒരു നൂതന വായ്പാ പദ്ധതി പ്രഖ്യാപിച്ചിരിക്കുന്നത്. പുതിയ സൂക്ഷ്മ - ചെറുകിട - ഇടത്തരം സംരംഭങ്ങൾക്കും സ്റ്റാർട്ട് അപ്പുകൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി) ആണ് ഈ പദ്ധതി നടപ്പാക്കുന്നത്. 7% പലിശ നിരക്കിൽ വായ്പ ലഭ്യമാക്കും.

**ലക്ഷ്യം**

1,000 സൂക്ഷമ - ചെറുകിട - ഇടത്തരം സംരംഭങ്ങളെ (എം.എസ്.എം.ഇ) വർഷം തോറും പുതുതായി സൃഷ്ടിക്കുക. 10,000 സംരംഭകർക്ക് സമഗ്ര പരിശീലനം നൽകുക. 5,000 പുതുസംരംഭങ്ങളെ കേരളത്തിൽ ഉടനീളവുമായി അഞ്ച് വർഷത്തിനുള്ളിൽ ഈ പദ്ധതിയിലൂടെ വളർത്തിയെടുക്കുക.

**പദ്ധതി ആനുകൂല്യങ്ങൾ**

- 50 ലക്ഷം രൂപ വരെ പുതുസംരംഭങ്ങൾക്ക് വായ്പ അനുവദിക്കുന്നു.
- 10 ശതമാനം പലിശ നിരക്കാണ് കെ.എഫ്.സി ഈടാക്കുക. എന്നിരുന്നാലും ഏഴു ശതമാനം പലിശ നിരക്കിൽ സംരംഭകന് വായ്പ ലഭ്യമാകും. മൂന്നു ശതമാനം പലിശ സബ്സിഡി സർക്കാർ അനുവദിക്കും.
- സ്റ്റാർട്ട് അപ്പുകൾക്കും എം.എസ്.എം.ഇ നിർവ്വചനത്തിൽ വരുന്നതുമായ ഏതു തരം സംരംഭങ്ങൾക്കും വായ്പ അനുവദിക്കും.
- പുതിയ യൂണിറ്റുകൾക്കാണ് വായ്പ അനുവദിക്കുക. എന്നാൽ നിലവിൽ ഏതെങ്കിലും സംരംഭം നടത്തിക്കൊണ്ടിരിക്കുന്നയാൾ പുതിയ പദ്ധതി തുടങ്ങുന്നതിനും വായ്പ അനുവദിക്കും. വിപുലീകരണം/ആധുനികവത്കരണം/വൈവിധ്യവത്ക്കരണം എന്നിവയ്ക്ക് ലഭിക്കില്ല.
- കെ.എഫ്.സി.യുടെ ബ്രാഞ്ച് ഓഫീസുകൾ വഴിയായിരിക്കും വായ്പ അനുവദിച്ചു നൽകുക.
- സംരംഭകർക്ക് അഞ്ച് ദിവസത്തെ സംരംഭകത്വ പരിശീലനം നൽകും.

**യോഗ്യതകൾ**

- പ്രായം : 18-50 വയസ്സ് വരെ (5 വർഷം വരെ ഇളവ്, വനിതാ/ SC/ ST/ NRK സംരംഭകർക്ക്)
- വിദ്യാഭ്യാസ യോഗ്യത : ബാധകമല്ല
- വരുമാന പരിധി : ബാധകല്ല
- സ്ഥിരം ജീവനക്കാരൻ ആയിരിക്കരുത്.
- മെച്ചപ്പെട്ട സിബിൽ സ്കോർ ഉണ്ടായിരിക്കണം. (650-ന് മുകളിൽ)
- പ്രൊപ്രൈറ്ററി, പാർട്ണർഷിപ്പ്, കമ്പനി അങ്ങനെ എല്ലാത്തരം സംരംഭങ്ങൾക്കും വായ്പ ലഭിക്കും.
- സംരംഭം കേരളത്തിൽ തുടങ്ങുന്നതായിരിക്കണം.
- സംരംഭകന്റെ മിനിമം ഷെയർ 10 ശതമാനം ആയിരിക്കും. പ്രോജക്ട് കോസ്റ്റിന്റെ 90% വരെ പരമാവധി 50 ലക്ഷം രൂപയാണ് വായ്പയായി നൽകുന്നത്.
- മൊറട്ടോറിയം കാലാവധി ഒരു വർഷം വരെ അനുവദിക്കും. എന്നാൽ ഈ സമയത്ത് പലിശ അടയ്ക്കേണ്ടതായി വരും.
- തിരിച്ചടവിന് അഞ്ച് വർഷം വരെയാണ് പരമാവധി കാലാവധി.
- സെക്യൂരിറ്റി : ഭൂമി, കെട്ടിടം, വ്യക്തി ജാമ്യം, സർക്കാർ ഉദ്യോഗസ്ഥരുടെ ജാമ്യം, സ്ഥിരം നിക്ഷേപം, ഇൻഷുറൻസ്, ജ്വല്ലറി, മറ്റ് ആസ്തികൾ എന്നിവ സെക്യൂരിറ്റി ആയി സ്വീകരിക്കും. അസറ്റ് കവറേജ് റേഷ്യോ ഇതിനായി കണക്കാക്കും.

**ഓൺലൈൻ അപേക്ഷ**

കെ.എഫ്.സി യുടെ വെബ്സൈറ്റ് (www.kfc.org) വഴി ഓൺലൈൻ ആയി മാത്രമേ അപേക്ഷക്കുവാൻ കഴിയൂ. പദ്ധതി രൂപരേഖയും തിരിച്ചറിയൽ രേഖകളും മറ്റും അപേക്ഷകൾ പരിശോധിച്ച് സംരംഭകരെ തിരഞ്ഞെടുക്കുന്നത് ബ്രാഞ്ച് തലത്തിൽ രൂപവത്ക്കരിക്കുന്ന ഒരു സെലക്ഷൻ കമ്മിറ്റിയാണ്. ഇതിൽ കെ.എഫ്.സി യുടെ ബ്രാഞ്ച് ഹെഡ് ചെയർമാനും, നോഡൽ ഓഫീസർ, കൺവീനറും ആയിരിക്കും. കൂടാതെ, ഒരു വ്യവസായ വിദഗ്ധനും ഒരു ബാങ്കിങ് വിദഗ്ധനും സെലക്ഷൻ കമ്മിറ്റിയിൽ ഉണ്ടാകും.

തിരഞ്ഞെടുക്കുന്ന സംരംഭകർക്ക് വെബ്ബിനാർ വഴി 5 ദിവസത്തെ സംരംഭകത്വ പരിശീലനം പൂർത്തിയാക്കിയ ശേഷമായിരിക്കും വായ്പ അനുവദിക്കുക.

കോവിഡിന്റെ പശ്ചാത്തലത്തിലും, മലയാളികൾ വിദേശത്ത്നിന്നും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ധാരാളമായി തിരിച്ചെത്തുന്ന സാഹചര്യത്തിലും, യുവാക്കൾ ഇപ്പോൾ സംരംഭമേഖലയെ ധാരാളമായി ആശ്രയിക്കുന്നു എന്നതിനാലും, ഈ പദ്ധതിയുടെ നിയമങ്ങളും ചട്ടങ്ങളും മറ്റുള്ള വായ്പ പദ്ധതിയുമായി താരതമ്യം ചെയ്യുമ്പോൾ ഏറെ ലഘൂകരിച്ചിട്ടുണ്ട്. അത്കൊണ്ട് തന്നെ ഈ വായ്പാ പദ്ധതി, കേരളത്തിലെ നവസംരംഭകർക്ക് വലിയ തോതിൽ ഗുണം ചെയ്യുക തന്നെ ചെയ്യും.